മാതൃഭൂമി

5 October 2018

ദേശീയ മാരി കൾച്ചർ കരടുനയം

# കടലിൽ പ്രത്യേക കൃഷിമേഖലകൾക്ക് നിർദേശം

**കൊച്ചി** ▸ കൂടുമത്സ്യ കൃഷി, കക്കവർഗ ഇനങ്ങളുടെ കൃഷി, പെൻ കൾച്ചർ, പായൽ കൃഷി തുടങ്ങിയവയ്ക്കായി കടലിൽ പ്രത്യേക മാരി കൾച്ചർ മേഖലകൾ (മാരി കൾച്ചർ സോൺ) നിർദേശിക്കുന്ന ദേശീയ മാരി കൾച്ചർ കരടുനയം തയ്യാറായി. സമുദ്രജലകൃഷി പ്രോത്സാഹിപ്പിച്ച് തൊഴിലവസരങ്ങളും വരുമാനവും കൂട്ടുക എന്നതാണ് ലക്ഷ്യം.

കേന്ദ്ര കാർഷിക മന്ത്രാലയത്തിനു കീഴിലെ നാഷണൽ ഫിഷറിസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻ.എഫ്.ഡി.ബി.) നിർദേശത്തിൽ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ഡയറക്ടർ അധ്യക്ഷനായ വിദഗ്ധ സമിതിയാണ് കരട് നയം തയ്യാറാക്കിയത്.

കടലിന്റെ പാരിസ്ഥിതിക ഘടകങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയ ശേഷമാണ് മാരി കൾച്ചർ മേഖലകൾ നിശ്ചയിക്കുക. ഇതിനായി ഉപഗ്രഹ റിമോട്ട് സെൻസിങ് സാങ്കേതിക വിദ്യകൾ ഉപയോഗിക്കും. പവിഴപ്പുറ്റുകൾ, കണ്ടലുകൾ തുടങ്ങിയവ നിലകൊള്ളുന്ന കടലിലെ പ്രകൃതിലോലപ്രദേശങ്ങൾ, സംരക്ഷിത മേഖലകൾ തുടങ്ങിയവയെ ഒഴിവാക്കിയാകും മാരികൾച്ചർ മേഖലകൾ നിശ്ചയിക്കുക. ഇത്തരത്തിൽ തിരഞ്ഞെടുക്കുന്ന മേഖലകളെ അതത് സംസ്ഥാനങ്ങൾ മാരി കൾച്ചർ ടെക്നോളജി പാർക്കുകളായി നിർണയിക്കും.

വിദേശമത്സ്യങ്ങളെയും ജനിതകമാറ്റം വരുത്തിയ മീനുകളെയും കടലിൽ കൃഷി ചെയ്യാൻ അനുവദിക്കില്ല. വിത്തുക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ഹാച്ചറികളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കും.

കടൽകൃഷി കൂടുതൽ ജനകീയമാക്കുന്നതിന് സാമ്പത്തിക സഹായം ഉൾപ്പെടെയുള്ളവ കർഷകർക്ക് ലഭ്യമാക്കണമെന്ന് കരടുനയം സർക്കാരിനോട് നിർദേശിക്കുന്നു. നിലവിൽ ഈ മേഖലയിൽ ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ, അനുയോജ്യമായ ഇൻഷുറൻസ് സ്കീമുകൾ അവതരിപ്പിക്കാനും നിർദേശമുണ്ട്.

കരടുനയത്തിന്റെ പൂർണരൂപം ലഭിക്കുന്നതിന് വെബ്സൈറ്റ് സന്ദർശിക്കുക www.cmfri.org.in, www.nfdb.gov.in. വെബ്സൈറ്റിൽ നിർദേശിക്കുന്ന രൂപത്തിൽ info.nfdb.dpm@gmail.com എന്ന വിലാസത്തിലേക്ക് പ്രതികരണങ്ങൾ ഒക്ടോബർ 31-ന് മുമ്പ് ഇ-മെയിൽ ചെയ്യണം.